**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 534** **09-08-2023 - ൽ മറുപടിയ്ക്ക്**

**ഇന്ധനങ്ങളിൽ നിന്നുള്ള വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എന്നുമുതലാണ് ഇന്ധന വിലയിൽ നിന്നും സാമൂഹ്യ സുരക്ഷ സെസ് ഈടാക്കാൻ തുടങ്ങിയത് ; നാളിതുവരെ എത്ര രൂപയാണ് ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുള്ളത്; | (എ) | 2023-ലെ കേരള ധനകാര്യ നിയമ പ്രകാരം സംസ്ഥാനത്ത് 2023 ഏപ്രിൽ 1 മുതലാണ് ഇന്ധന വിലയിൽ സാമൂഹ്യ സുരക്ഷ സെസ് ഈടാക്കാൻ തുടങ്ങിയത്. നടപ്പ് സാമ്പത്തിക വർഷം 2023 ജൂലൈ 31 വരെ ലഭ്യമായ കണക്കുകൾ പ്രകാരം പെട്രോളിയം ഉല്പന്നങ്ങളിൽ നിന്നും സെസ് ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുക 260.56 കോടി രൂപയാണ് (provisional). |
| (ബി) | 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര ലിറ്റർ വീതമാണ് ഓരോ ഇന്ധനവും വിറ്റഴിച്ചിട്ടുള്ളത്; ഇവയുടെ നികുതി ഇനങ്ങളിൽ സർക്കാരിന് എത്ര രൂപ വീതമാണ് വരുമാനം ലഭിച്ചിട്ടുള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (ബി) | എറണാകുളം ജില്ലയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ഓയിൽ കമ്പനികളുടെ കണക്കുകൾ പ്രകാരം 2021-22 മുതൽ 2023 ജൂൺ 30 വരെയുള്ള പെട്രോൾ, ഡീസൽ ഉപഭോഗത്തിന്റെ സൂചക കണക്കുകളും, പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നും 2021-22 മുതൽ 2023-24 (2023 ജൂലൈ 31 വരെ) വരെ ലഭ്യമായിട്ടുള്ള നികുതിയുടെ വർഷം തിരിച്ചുള്ള കണക്കുകളും അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇന്ധന വിലയോടൊപ്പം ഈടാക്കുന്ന സാമൂഹ്യ സുരക്ഷാ സെസ്സ് ഇനത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന പ്രതിവർഷ വരുമാനം എത്ര രൂപയാണ് ? | (സി) | 2023-24 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 563-ൽ പ്രഖ്യാപിച്ച പ്രകാരം ഇന്ധന വിലയോടൊപ്പം ഈടാക്കുന്ന സാമൂഹ്യ സുരക്ഷാ സെസ്സ് ഇനത്തിൽ 750 കോടി രൂപയാണ് സർക്കാർ പ്രതീക്ഷിക്കുന്ന പ്രതിവർഷ വരുമാനം. |

സെക്ഷൻ ഓഫീസർ

**(അനുബന്ധം)**

എറണാകുളം ജില്ലയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ഓയിൽ കമ്പനികളുടെ കണക്കുകൾ പ്രകാരം 2021-22 മുതൽ 2023 ജൂൺ 30 വരെയുള്ള പെട്രോൾ, ഡീസൽ ഉപഭോഗത്തിന്റെ സൂചക കണക്കുകൾ

| സാമ്പത്തിക വർഷം | പെട്രോൾ ഉപഭോഗം (കിലോ ലിറ്റർ) | ഡീസൽ ഉപഭോഗം (കിലോ ലിറ്റർ) |
|---|---|---|
| 2021-22 | 2046500 | 2464900 |
| 2022-23 | 2435400 | 2933000 |
| ഏപ്രിൽ 2023 (മാർച്ച് മാസത്തിലെ ഉപഭോഗം) | 212000 | 268800 |
| മേയ് 2023 (ഏപ്രിൽ മാസത്തിലെ ഉപഭോഗം) | 199200 | 204800 |
| ജൂൺ 2023 (മേയ് മാസത്തിലെ ഉപഭോഗം) | 222200 | 255700 |
| ജൂലൈ 2023 (ജൂൺ മാസത്തിലെ ഉപഭോഗം) | 200700 | 220100 |

പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നും 2021-22 മുതൽ 2023-24 (2023 ജൂലൈ 31 വരെ) വരെ ലഭ്യമായിട്ടുള്ള നികുതി കണക്കുകൾ

| സാമ്പത്തിക വർഷം | പെട്രോൾ നികുതി (കെ.ജി.എസ്.ടി.) (കോടിയിൽ) | ഡീസൽ നികുതി (കെ.ജി.എസ്.ടി.) (കോടിയിൽ) |
|---|---|---|
| 2021-22 | 4954.58 | 4463.3 |
| 2022-23 | 6082.72 | 5451.48 |
| 2023-24 (2023 ജൂലൈ 31 വരെ) | 1712.41 | 1412.28 |

**സെക്ഷൻ ഓഫീസർ**